☎ : +91 94805 44440 (P)
Email: josemcbs@hotmail.com

# DIOCESE OF BHADRAVATHI

BODHANA PASTORAL CENTRE, POST BOX No. 26,
BHADRAVATHI – 577 301, KARNATAKA, INDIA

**Joseph Arumachadath mcbs**
**Bishop of Bhadravathi**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

കൊറോണ വൈറസ്സിനെക്കുറിച്ചുള്ള ഭീതിയിലാണ് ഇന്ന് ലോകം മുഴുവനും. ഏതാനും മാസങ്ങൾക്കുമുമ്പ് ചൈനയിൽ പ്രത്യക്ഷപ്പെട്ട ഈ മാരക പകർച്ചവ്യാധി, ഇന്ന് ഇന്ത്യയടക്കം ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചിരിക്കുന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലൊ? രോഗബാധയേക്കാളുപരി, കൊറോണ വൈറസ്സിനെക്കുറിച്ചുള്ള ഭയം ലോകജനതയെ ആകെ ഗ്രസ്സിച്ചിരിക്കുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ, ഭയത്തിനടിപ്പെടാതെ സമചിത്തത പാലിക്കുവാനും, നമ്മുടെ സ്രഷ്ടാവും, രക്ഷകനുമായ ദൈവത്തിൻെറ കരുണയിലും, സംരക്ഷണയിലും ആശ്രയം വയ്ക്കുവാനും നമുക്ക് കഴിയട്ടെ! രോഗബാധിതരുടെ എണ്ണം ഓരോദിവസവും കൂടിവരുന്ന പശ്ചാത്തലത്തിൽ, നാമെല്ലാവരുടേയും പ്രാർത്ഥനയും, ജാഗ്രതയും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഭയവും, പരിഭ്രമവും പരത്തുകയല്ല, മറിച്ച് വൈറസ്സ് ബാധയിൽനിന്ന് നമ്മെയും, നുമുക്കു ചുറ്റുമുള്ളവരെയും സംരക്ഷിക്കുന്നതിനാവശ്യമായ മുൻകരുതലുകളെടുക്കുകയും, രോഗപ്രതിരോധ നടപടികൾ സ്വീകരിച്ച്, ജാഗ്രത പാലിക്കുകയു മാണ് ഇപ്പോൾ നമുക്കാവശ്യം.

ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, സ്ഥാപനങ്ങളിലും പാലിക്കേണ്ട ചില നിർദ്ദേശങ്ങളും, എടുക്കേണ്ട മുൻകരുതലുകളും നിങ്ങളെ ഞാനറിയിക്കുന്നു:

1) ആദ്യമേതന്നെ, എല്ലാ വിപത്തുകളിലുംനിന്ന് നമ്മെ രക്ഷിക്കുന്ന പരമകാരുണികനായ ദൈവത്തിൻെറ മുമ്പിൽ നമുക്ക് പ്രത്യാശയോടെയണയാം, ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥനയുടെ കരങ്ങളുയർത്താം! ഈ പകർച്ചവ്യാധി നിയന്ത്രണവിധേയമാകുന്നതിനും, കൂടുതൽ രാജ്യങ്ങളിലേയ്ക്കും, വ്യക്തികളിലേയ്ക്കും ഇത് വ്യാപിക്കാതിരിക്കുന്നതിനും നമുക്ക് പ്രാർത്ഥിക്കാം. രോഗം ബാധിച്ചവരേയും, അവരെ പരിചരിക്കുന്ന ആതുരശുശ്രൂഷകരേയും, രോഗപ്രതിരോധത്തിനായി പരിശ്രമിക്കുന്നവരേയും നമുക്ക് പ്രാർത്ഥനയിൽ ചേർത്ത് നിർത്താം. ഈ സർക്കുലറിനോടൊപ്പം അയയ്ക്കുന്ന പ്രാർത്ഥന, നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ചൊല്ലേണ്ടതാണ്. നമ്മുടെ ഭവനങ്ങളിലെ സന്ധ്യാപ്രാർത്ഥനാവേളയിൽ, നാമർപ്പിക്കുന്ന ജപമാലയുടെ ഒരു രഹസ്യം ഈ നിയോഗത്തിനായി നമുക്ക് സമർപ്പിക്കാം!

2) വൈറസ് ബാധയെ നിയന്ത്രണവിധേയമാക്കുന്നതിനും, രോഗബാധിതരെ പരിചരി ക്കുന്നതിനും, വൈറസ് മറ്റുള്ളവരിലേയ്ക്കു പാകരാതിരിക്കുന്നതിനും, ഗവണ്മെൻറും, ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരും ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. നമുക്കും അവരോട് സഹകരിക്കാം. രോഗം പകരാതിരിക്കുന്നതിന് ഗവണ്മെൻറിൻെറ ആരോഗ്യവകുപ്പും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നൽകുന്ന എല്ലാ മുന്നറിയിപ്പുകളും, നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുവാൻ എല്ലവരും ശ്രദ്ധിക്കണം.

3) ഈ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ രൂപതാതലത്തിലോ, ഇടവകതലത്തിലോ നടത്തുവാൻ പ്ലാൻ ചെയ്തിരുന്ന എല്ലാ ക്യാമ്പുകളും, സെമിനാറുകളും, വിശ്വാസോത്സവപരിപാടികളും ഉപേക്ഷിക്കുകയോ, മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവയ്ക്കുകയോ ചെയ്യണം.

4) വിശുദ്ധ കുർബ്ബാന ഇരുസാദൃശ്യങ്ങളിൽ നാവിൽ നൽകുന്ന രീതി താത്കാലികമായി ഒഴിവാക്കി, ഒരു സാദൃശ്യത്തിൽ കരങ്ങളിൽ മാത്രം നൽകുക. വിശുദ്ധ കുർബ്ബാന നൽകുന്നവർ, ആ ശുശ്രൂഷയ്ക്കു മുമ്പും, ശേഷവും കൈകൾ നന്നായി വൃത്തിയാക്കുക.

5) ഹസ്തദാനം ഒഴിവാക്കുക. സമാധാനം ആശംസിക്കുമ്പോൾ, കൈകൾകൂപ്പി പരസ്പരം സ്പർശിക്കാതെ സമാധാനം നൽകുക. വൈദീകമേലദ്ധ്യക്ഷന്മാരുടെയോ, വൈദീകരുടെയോ കരങ്ങൾ ബഹുമാനപൂർവ്വം ചുംബിക്കുന്ന പതിവ് ഒഴിവാക്കി, പകരം കരങ്ങൾകൂപ്പി ആശംസകൾ നേരുക.

6) ദൈവാലയകവാടങ്ങളിൽ വിശുദ്ധജലം വയ്ക്കുന്ന പതിവ് താത്കാലികമായി നിറുത്തുക.

7) ദൈവാലയത്തിലെ കുരിശ്, രൂപങ്ങൾ, മറ്റു വിശുദ്ധവസ്തുക്കൾ തുടങ്ങിയവ ചുംബിക്കുകയോ, തൊട്ടുമുത്തുകയോ ചെയ്യുന്നതിനുപകരം കൈകൾകൂപ്പി ആചാരംചെയ്ത് വണങ്ങിയാൽ മതിയാവും. വിശുദ്ധവാര തിരുക്കർമ്മങ്ങൾക്കിടയിലും ഈ രീതി തന്നെ തുടരേണ്ടതാണ്.

8) ഒഴിവാക്കാൻ സാധിക്കുന്ന, മതപരമോ, സാമൂഹികമോ ആയ എല്ലാ ഒത്തുചേരലുകളും പരമാവധി ഒഴിവാക്കുക.

9) ജലദോഷം, പനി, ചുമ, തുമ്മൽ തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ മറ്റുള്ളവരിൽനിന്നും ആരോഗ്യകരമായ അകലം പാലിക്കുകയും, കഴിയുന്നത്ര വീടുകളിലിരുന്ന് പ്രാർത്ഥിക്കുന്നതിന് ശ്രദ്ധിക്കുകയും വേണം.

10) നമ്മുടെ ദൈവലയങ്ങളും, സ്കൂളുകളും, സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും എപ്പോഴും വൃത്തിയായും, ശുചിയായും സൂക്ഷിക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഏപ്രിൽ മാസം 15 വരെ പ്രാബല്യത്തിൽ ഉണ്ടാകും. സാഹചര്യങ്ങൾ വിലയിരുത്തി, അതിനുശേഷം ആവശ്യമായ തുടർനിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.

പ്രിയ സഹോദരീസഹോദരന്മാരെ, ഭയപ്പെടുകയോ, പരിഭ്രാന്തിപരത്തുകയോ ചെയ്യാതെ, സമചിത്തതയോടെ, വേണ്ടത്ര ജാഗ്രതയോടും മുൻ കരുതലോടുംകൂടെ, ഈ പ്രശ്നത്തെ നേരിടാൻ നമുക്ക് പരിശ്രമിക്കാം. രോഗബാധിതരോടുള്ള കാരുണ്യവും, രോഗീശുശ്രൂഷയിലും, രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരോടുള്ള നന്ദിയും ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട്, അവർക്കായി പ്രാർത്ഥിക്കാം! എല്ലാറ്റിനുമുപരി, ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും, ആശ്രയവും കൂടുതൽ ആഴപ്പെടുത്താം! പ്രാർത്ഥന

തീവ്രമാക്കാം! നല്ലവനായ ദൈവം നമെല്ലാവരെയും ധാരാളമായി അനുഗ്രഹിക്കുകയും, ഈ പകർച്ചവ്യാധിയിൽ നിന്നും ലോകത്തെ വിമുക്തമാക്കുകയും ചെയ്യട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,



മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതയുടെ മെത്രാൻ

N.B. ഈ സർക്കുലർ മാർച്ച് മാസം 15-ാം തിയതി ഞായറാഴ്ച, നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്